**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 589** **09-08-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ. ഇൻഷ്വറൻസ് പരിരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.എഫ്.ഇ. സുവർണ്ണജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ആരംഭിച്ചിട്ടുള്ള ചിട്ടിയിൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കണമെന്ന കാട്ടാക്കട ക്രിസ്ത്യൻ കോളേജ് പ്രദേശവാസിയായ വിശ്വകുമാറിന്റെ ഭാര്യ മായയുടെ അപേക്ഷയിന്മേൽ (എച്ച്2/242/2023/നികുതി) സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | കെ.എസ്.എഫ്.ഇ സുവർണ്ണ ജൂബിലി ചിട്ടികൾ 2020 പദ്ധതിക്ക് കീഴിൽ ആരംഭിച്ച ചിട്ടികളിൽ അത്യാഹിത പരിരക്ഷ ഏർപ്പെടുത്തിയിരുന്നു. ചിട്ടി പിടിച്ച് ചിട്ടിപ്പണം കൈപ്പറ്റിയ ചിറ്റാളർ ദൗർഭാഗ്യവശാൽ ചിട്ടിയുടെ കാലാവധി തീരും മുൻപേ മരിച്ച് പോവുകയാണെങ്കിൽ പ്രസ്തുത ചിട്ടിയുടെ ബാധ്യത അവകാശികളുടെ മേൽ വരാതിരിക്കാൻ വേണ്ടിയാണ് ഈ പരിരക്ഷ ഏർപ്പെടുത്തിയത്. അത്തരം കേസുകളിൽ ബാധ്യത കമ്പനി ഏറ്റെടുക്കുന്നതാണ് എന്ന് പ്രഖ്യാപിച്ചിരുന്നു.<br><br>എന്നാൽ ഈ ചോദ്യത്തിൽ പരാമർശിച്ച ശ്രീ. വിശ്വകുമാറിന്റെ കാര്യത്തിൽ ഭാവി ബാധ്യതയ്ക്ക് വേണ്ടിയുള്ള തുക കെ.എസ്.എഫ്.ഇ യിൽ തന്നെ നിക്ഷേപിച്ചിട്ടുള്ളതിനാൽ ഭാവി ബാധ്യത അവകാശികൾക്കു മേൽ വരുന്നില്ല. അതിനാൽ തന്നെ ആ നിക്ഷേപം ഉപയോഗിച്ച് ശ്രീ.വിശ്വകുമാറിന്റെ ബാധ്യത തീർക്കാവുന്നതാണ്.<br><br>എന്നാൽ ശ്രീ.വിശ്വകുമാറിന്റെ ഭാര്യയും പ്രസ്തുത ചിട്ടിയിലെ നോമിനിയുമായ ശ്രീമതി.മായ ആവശ്യപ്പെട്ടിട്ടുള്ളത് അത്യാഹിത പരിരക്ഷ അവർക്ക് നൽകണമെന്നാണ്. ചിട്ടിയുടെ ബാധ്യത തീർക്കുന്നതിനാണ് അത്യാഹിത പരിരക്ഷ ഏർപ്പെടുത്തിയിട്ടുള്ളതെന്നതിനാൽ പ്രസ്തുത ആവശ്യം അംഗീകരിക്കാൻ നിർവ്വാഹമില്ല എന്ന് മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഇ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നികുതി വകുപ്പിന് സമർപ്പിച്ച പരാതിയിൽ മേൽപ്പറഞ്ഞ കാര്യം തന്നെ ചൂണ്ടിക്കാട്ടി അത്യാഹിത പരിരക്ഷയ്ക്ക് കീഴിൽ ഈ പരാതി നിലനിൽക്കില്ലെന്ന വിവരം മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഇ പരാതിക്കാരിയെ അറിയിച്ചിട്ടുണ്ട്. |
| (ബി) | സർക്കുലർ നമ്പർ 49/2020 പ്രകാരം ചിട്ടി പിടിച്ച ചിറ്റാളൻ മരണപ്പെട്ടാൽ ചിട്ടിയിന്മേലുള്ള ബാധ്യത | (ബി) | കെ.എസ്.എഫ്.ഇ ചിട്ടികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നടപ്പിലാക്കിയിട്ടില്ല. ഇൻഷ്വറൻസ് |

| | | | |
|---|---|---|---|
| | എഴുതിത്തള്ളുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടും കെ.എസ്.എഫ്.ഇ. ഇൻഷുറൻസ് പരിരക്ഷ നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ; | | പരിരക്ഷയ്ക്ക് സമാനമായ അത്യാഹിത പരിരക്ഷ കെ.എസ്.എഫ്.ഇ നേരിട്ട് അതിന്റെ ചിട്ടി വരിക്കാർക്ക് പ്രദാനം ചെയ്യാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 2021 ഫെബ്രുവരി 15 മുതൽ വിവിധ ശാഖകളിലെ ചിട്ടി വരിക്കാർക്ക് നിബന്ധനകൾക്ക് വിധേയമായുള്ള അത്യാഹിത പരിരക്ഷയാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ആയത് അതേപോലെ തുടർന്ന് വരുന്നുണ്ട്. |
| (സി) | കെ.എസ്.എഫ്.ഇ. പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകളിൽ ചിട്ടി പിടിച്ചാൽ മരണപ്പെട്ട ആളിന്റെ ഡെപ്പോസിറ്റ് തുകയിൽ നിന്നും പിടിയ്ക്കുമെന്നും ഇൻഷുറൻസ് പരിരക്ഷ ലഭിക്കില്ലായെന്നും പ്രതിപാദിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (സി) | പ്രതിപാദിക്കുന്നില്ല.<br><br>ചിട്ടി പിടിച്ച ചിറ്റാളന്റെ ഭാവി ബാധ്യത അവകാശികൾക്കു മേൽ വരാതിരിക്കാൻ എന്ന ഉദ്ദേശം മുൻനിർത്തി സർക്കുലർ നമ്പർ 12/2021 (BD) dt. 15/02/2021 അനുസരിച്ച് ചിട്ടി പിടിച്ചെടുത്ത ശേഷം വരിക്കാരന്/ വരിക്കാരിക്ക് ദൗർഭാഗ്യവശാൽ മരണം സംഭവിക്കുകയാണെങ്കിൽ ആ സമയത്ത് നിബന്ധനകൾക്ക് വിധേയമായി<br><br>1. വ്യക്തിയുടെ പ്രായം 40 വയസ്സോ അതിൽ താഴെയോ ആണെങ്കിൽ 25 ലക്ഷം രൂപ വരെയുള്ള ഭാവി ബാധ്യത കെ.എസ്.എഫ്.ഇ വഹിക്കുന്നതാണ്.<br><br>2. 40 വയസ്സിനു മുകളിലാണെങ്കിൽ 10 ലക്ഷം രൂപ വരെയുള്ള ഭാവി ബാധ്യത കെ.എസ്.എഫ്.ഇ വഹിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ